കുറഞ്ഞിട്ടുണ്ട്, ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ഇത്തവണ നിർബന്ധപൂർവ്വം മുഖ്യമന്ത്രി പ്രത്യേകിച്ച് കത്തെഴുതുകയും നിരോധനം ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി നമ്മുടെ ട്രോളിംഗ് നിരോധന കാലമായ ഈ മാസം 15 മുതൽ ജൂലൈ 29 വരെയുള്ള കാലയളവിൽ ആഴക്കടലിൽ നിന്നുള്ള കപ്പലുകൾ ഇവിടെ വരുന്നതിനേയും നിരോധിച്ചിട്ടുണ്ട്. അത് ഇപ്പോൾ മാത്രമാണ്. കഴിഞ്ഞ പ്രാവശ്യം 13 ദിവസവും 15 ദിവസവുമൊക്കെയാണ് ആഴക്കടലിൽ നിന്ന് വരുന്ന കപ്പലുകളുടെ വരവിനെ നിരോധിച്ചിരുന്നത്. ഇത്തവണ 45 ദിവസവും നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ കോപ്പി ഗവൺമെന്റിന് കിട്ടുകയും ചെയ്തിട്ടുണ്ട്. പൊതുവെ കേന്ദ്ര ഗവൺമെന്റ് പശ്ചിമതീര സംസ്ഥാനങ്ങളിൽ ഇത് നിർബന്ധമായും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായ വിവരം നമുക്ക് കിട്ടിയിട്ടുണ്ട്. പക്ഷേ അത് അവർ നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. പൂർണ്ണമായും നടപ്പാക്കുന്നത് ബോംബെയിലാണ്. ബോംബെയിൽ അതിന് മറ്റു ചില കാരണങ്ങൾ പറഞ്ഞുകൊണ്ടാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*94) നാടൻ മത്സ്യസമ്പത്ത് വികസിപ്പിക്കുവാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാടൻ മത്സ്യസമ്പത്ത് വികസിപ്പിക്കുന്നതിനു വേണ്ടി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫിഷ്ഫാം പ്രവർത്തിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശ മത്സ്യസമ്പത്ത് വികസിപ്പിക്കാനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മുൻഗണനാക്രമമനുസരിച്ച് ഈ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി കോട്ടയം ജില്ലയിൽ പള്ളത്ത് കോട്ടയം മത്സ്യകർഷകവികസന ഏജൻസിയുടെ നിയന്ത്ര

LIBRARY ARCHIVES Kerala Legislative Assembly

ണത്തിൽ മത്സ്യക്കൃഷി ഫാമിൽ നാടൻ മത്സ്യങ്ങളുടെ ഉൽപ്പാദനവും, അതിനോടനുബന്ധിച്ച് ഗവേഷണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കരിമീൻ, വരാൽ, കാരി തുടങ്ങിയ നാടൻ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുവാനാണ് ഇവിടെ പ്രധാനമായി ലക്ഷ്യമിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം ഇവിടെ ഉൽപ്പാദിപ്പിച്ച കരിമീൻ, വരാൽ എന്നിവയുടെ കുഞ്ഞുങ്ങളെ അഡാക്കിന്റെ സാമൂഹ്യമത്സ്യക്കൃഷി പദ്ധതി പ്രകാരം വേമ്പനാട്ടു കായലിൽ നിക്ഷേപിക്കുകയുണ്ടായി.

(ബി) കോട്ടയം ജില്ലയിലെ നാട്ടകം പഞ്ചായത്തിൽ പള്ളം എന്ന സ്ഥലത്ത് മാതൃകാ മത്സ്യക്കൃഷി ഫാം പ്രവർത്തിക്കുന്നു.

(സി)&(ഡി) പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

5(*95) എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചിയിലെ സംസ്ഥാന എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമവും പ്രയോജനപ്രദവുമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രസ്തുത സ്ഥാപനം എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡാമിനെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനസംബന്ധമായ എന്തെങ്കിലും സഹായം നൽകുന്നതിന്റെ ബാദ്ധ്യത പ്രസ്തുത സ്ഥാപനത്തിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ജലസേചനം, ജലഗതാഗതം, വെള്ളപ്പൊക്ക നിയന്ത്രണം മുതലായവയുടെ ഗവേഷണ പ്രവർത്തനങ്ങളും അവ അഭിമുഖീകരിക്കുന്ന സാങ്കേതിക പ്രശ്നങ്ങളും, അവയുടെ പരിഹാരമാർഗ്ഗങ്ങളും പഠിച്ചു നിർദ്ദേശിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ ലക്ഷ്യം.

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെപ്പറ്റി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഒരു വർക്ക് സ്റ്റഡി നടത്തുകയും ഈ സ്ഥാപനത്തെ

LIBRARY ARCHIVES Kerala Legislative Assembly